"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - സമാശ്വാസ തൊഴിൽദാന പദ്ധതി - ഇടുക്കി ജില്ലയിലെ വണ്ടൻമേട് ഗ്രാമപഞ്ചായത്തിൽ സെക്രട്ടറി ആയിരിക്കെ മരണപ്പെട്ട രാജു കെ യുടെ മകനും ആശ്രിതനുമായ ശ്രീ. അഭിരാജിന് കൊല്ലം ജില്ലയിൽ പഞ്ചായത്ത് വകുപ്പിൽ ലോവർ ഡിവിഷൻ ക്ലാർക്ക് തസ്തികയിൽ നിയമനം നൽകുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

**സ.ഉ.(കൈ) നം.21/2021/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 30/01/2021

---

പരാമർശം:- 1 24.05.1999 - ലെ സ.ഉ.(പി) 12/99/പി&ആർഡി നമ്പർ ഉത്തരവ്.

2 21.02.2018 - ലെ സ.ഉ.(കൈ) നം.5/2018/ഉഭപവ നമ്പർ ഉത്തരവ്.

3 ശ്രീ. അഭിരാജ് സമർപ്പിച്ച 11.04.2019 - ലെ അപേക്ഷ.

4 പഞ്ചായത്ത് ഡയറക്ടറുടെ 07.02.2020 - ലെ PAN/16147/2019-E14(DP) നമ്പർ കത്ത്.

5 കൊല്ലം ജില്ലാ കളക്ടറുടെ 24.08.2020 - ലെ DCKLM/4491/2020-S4 നമ്പർ കത്ത്.

**ഉത്തരവ്**

സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം നിയമനം ലഭിക്കുന്നതിനായി ഇടുക്കി ജില്ലയിലെ വണ്ടൻമേട് ഗ്രാമപഞ്ചായത്തിൽ സെക്രട്ടറി ആയിരിക്കെ മരണപ്പെട്ട രാജു കെ. യുടെ മകനും ആശ്രിതനുമായ ശ്രീ. അഭിരാജ് സമർപ്പിച്ച (3) ലെ അപേക്ഷ ശുപാർശ ചെയ്ത് പരാമർശം (4) പ്രകാരം പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ സമർപ്പിച്ചിരുന്നു. ശ്രീ. അഭിരാജ് സമർപ്പിച്ച അപേക്ഷ കൊല്ലം ജില്ലാ കളക്ടർ സൂക്ഷ്മ പരിശോധന നടത്തി ശുപാർശയോടെ പരാമർശം (5) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചിരുന്നു.

2. ഇടുക്കി ജില്ലയിലെ വണ്ടൻമേട് ഗ്രാമപഞ്ചായത്തിൽ സെക്രട്ടറി ആയിരിക്കെ 06.10.2018 - ലാണ് രാജു കെ. നിര്യാതനാവുന്നത് . സേവന സാക്ഷ്യപത്രം പ്രകാരം ടിയാൻ 21 വർഷവും 11 മാസവും 29 ദിവസവും സർവ്വീസ് പൂർത്തീകരിച്ചിട്ടുണ്ട്. കൊട്ടാരക്കര തഹസിൽദാരുടെ അനന്തരാവകാശ സർട്ടിഫിക്കറ്റ് പ്രകാരം ഭാര്യ, രണ്ട് പെൺമക്കൾ അപേക്ഷകൻ ഉൾപ്പടെ രണ്ട് ആൺ മക്കൾ എന്നിവർ ഉൾപ്പെടുന്ന അഞ്ച് അനന്തരാവകാശികളാണ് പരേതനുള്ളത്. പരേതന്റെ മറ്റ് അവകാശികൾ ആരുംതന്നെ ആശ്രിതനിയമനത്തിനായി അപേക്ഷ സമർപ്പിച്ചിട്ടില്ല എന്ന് ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അപേക്ഷകനായ ശ്രീ. അഭിരാജിന് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം നിയമനം നൽകുന്നതിന് സമ്മതമാണെന്ന് പരേതന്റെ മറ്റ് അനന്തരാവകാശികൾ സമ്മതപത്രം നൽകിയിട്ടുണ്ട്. എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റ് പ്രകാരം നിലവിൽ അപേക്ഷകന് 19 വയസ്സ് പൂർത്തിയായിട്ടുണ്ട്. ശ്രീ.അഭിരാജ്, കൊല്ലം ജില്ലയിൽ പഞ്ചായത്ത് വകുപ്പിൽ എൽ.ഡി. ക്ലാർക്ക്

തസ്തികയിൽ നിയമനത്തിനായിട്ടാണ് അപേക്ഷ സമർപ്പിച്ചിട്ടുള്ളത്. അപേക്ഷകൻ പ്ലസ് ടു പാസ്സായതാണ്. അപേക്ഷകൻ നിശ്ചിത സമയപരിധിക്കകം അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. വരുമാന സർട്ടിഫിക്കറ്റ് പ്രകാരം ശ്രീ. അഭിരാജ് ഉൾപ്പെടുന്ന കുടുംബത്തിന്റെ വാർഷിക വരുമാനം 25,000/- രൂപയാണെന്ന് കരീപ്ര വില്ലേജ് ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. പരാമർശം (2) - ലെ സർക്കാർ ഉത്തരവ് പ്രകാരമുള്ള സംരക്ഷണ സമ്മതമൊഴി അപേക്ഷകൻ സമർപ്പിച്ചിട്ടുണ്ട്.

3. മേൽ സാഹചര്യത്തിൽ, പരാമർശം (1) -ലെ ഉത്തരവിലെയും അനുബന്ധ ഉത്തരവുകളിലെയും വ്യവസ്ഥകൾക്ക് വിധേയമായി സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ഇടുക്കി ജില്ലയിലെ വണ്ടൻമേട് ഗ്രാമപഞ്ചായത്തിൽ സെക്രട്ടറി ആയിരിക്കെ മരണപ്പെട്ട രാജു കെ യുടെ മകനും ആശ്രിതനുമായ ശ്രീ. അഭിരാജിന് കൊല്ലം ജില്ലയിൽ പഞ്ചായത്ത് വകുപ്പിൽ നിലവിലുള്ളതോ, ആദ്യം ഉണ്ടാകുന്നതോ ആയ ഒഴിവിൽ ലോവർ ഡിവിഷൻ ക്ലാർക്ക് തസ്തികയിൽ സീനിയോറിറ്റി പ്രകാരം നിയമനം നൽകുന്നതിന് പഞ്ചായത്ത് ഡയറക്ടർക്ക് അനുവാദം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

4. പരേതനായ രാജു കെ യുടെ സേവന പുസ്തകത്തിലും എസ്റ്റാബ്ലിഷ്മെന്റ് രജിസ്റ്ററിലും ആശ്രിത നിയമനം നൽകിയത് സംബന്ധിച്ച് പഞ്ചായത്ത് ഡയറക്ടർ ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തേണ്ടതാണ്. അപേക്ഷകനെ സേവനത്തിൽ പ്രവേശിപ്പിക്കുന്നതിന് മുൻപ് സർട്ടിഫിക്കറ്റുകളുടെ അസ്സൽ വാങ്ങി പരിശോധിച്ച് അവയുടെ സാധുത ബോധ്യപ്പെടേണ്ടതും ചട്ട പ്രകാരമുള്ള മറ്റെല്ലാ നടപടിക്രമങ്ങളും പാലിക്കേണ്ടതുമാണ്.

5. അപേക്ഷകൻ സമർപ്പിച്ച അപേക്ഷയിലോ, ഇത് സംബന്ധിച്ച് സർക്കാർ നടത്തിയ അന്വേഷണത്തിലോ തെറ്റായ വിവരം നൽകുകയോ യഥാർത്ഥ വിവരം മറച്ചു വയ്ക്കുകയോ ചെയ്ത് ആശ്രിതനിയമനം നേടിയതായി വെളിപ്പെട്ടാൽ ശ്രീ. അഭിരാജിന് ആശ്രിത നിയമന വ്യവസ്ഥ പ്രകാരം നൽകുന്ന ജോലി അസാധുവാക്കുന്നതായിരിക്കും.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**രമണി മാത്യു**

**അഡിഷണൽ സെക്രട്ടറി**

1. ശ്രീ.അഭിരാജ്, ലാലി സദനം, നെടുമൺകാവ് പി.ഒ., കൊല്ലം - 691509 (രജിസ്റ്റേർഡ് തപാൽ മുഖാന്തിരം)
2. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം /തൃശ്ശൂർ
3. ജില്ലാ കളക്ടർ, കൊല്ലം
4. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം (അപേക്ഷയും അനുബന്ധങ്ങളും സഹിതം)
5. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം
5. ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
6. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
7. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signature valid

Digitally signed by SUDHEER S S
Date: 2021.02.01 11:52:01 IST
Reason: Approved

സെക്ഷൻ ഓഫീസർ